PUBLIC SERVICE COMMISSION

*823. [60] **Sri. Alexander Vakeyil:** Will the Hon'ble the Chief Minister be pleased to state.—

(*a*) the date on which the Public Service Commission of the State of Travancore and Cochin was formally constituted;

(*b*) when did the Members of the Commission take charge;

(*c*) have the rules and regulations regarding the working of the Commission been framed and published;

(*d*) if published please place a copy of the same on the table;

(*e*) has any appointment been made before the framing of the rules and if so give the names of the same;

(*f*) will a list of appointments made by the Public Service Commission up to date be given?

Sri. T. K. Narayana Pillai:

(*a*) 16th July 1949 as per Ordinance No. VI of 1124.

(*b*) (1) Sri. C. Kunhi Raman, Chairman, 14th July 1949 (Fore-noon).
(2) Sri. Rama Varma Tampuran, Member, 15th July 1949 (After-noon)
(3) Sri. R. V. Thomas, Member, 18th July 1949 (Fore-noon).

(*c*) They have been framed and finalised but not published.

(*d*) Does not arise.

(*e*) Yes.; The appointments made under the old Rules have been published in the Gazette.

(*f*) Please see answer to (*e*).

വിളവു നഷ്ടപരിഹാരം

*വൃ. ശ്ര. (ന്യ ന്യ) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിളവുണക്കംമൂലം നഷ്ടം സംഭവിച്ച കൃഷിക്കാർക്കു് വല്ല സഹായവും ചെയ്യാൻ ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിളവുണക്കംമൂലം ഇത്തവണ എത്ര പറ നെല്ലു് കുറയാവും എന്നു കണക്കെടുത്തിട്ടുണ്ടോ;

(സി) ഏതെല്ലാം താലൂക്കുകളിലാണു് വിളവുണക്കം ഉണ്ടായിട്ടുള്ളതു്?

ശ്രീ. എ. ജെ. ജോൺ:

(എ) ഈ സംഗതിയെപ്പറ്റി റവന്യൂ ബോർഡിനോടു് ഒരു റിപ്പോർട്ടു് ഗവണ്മെണ്ടു് ആവശ്യപ്പെട്ടിട്ടുണ്ടു്. ആ റിപ്പോർട്ടു് കിട്ടിയാൽ ഇതിനെപ്പറ്റി വേണ്ട നടപടികൾ എടുക്കുന്നതാണു്.

(ബി, സി) ഇതിനെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നുണ്ടു്.

ഒരു സബ്ബു് ട്രഷറിയുടെ ആവശ്യം

*വൃ. ഇ. (ഗ്ര) ശ്രീ. കളത്തിൽ വേലായുധൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചങ്ങനാശേരി താലൂക്കിൽ പൊൻകുന്നത്തു ഒരു സബ്ബ് ട്രഷറി സ്ഥാപിക്കുന്നതിനു ഗവണ്മെൻറു് തീരുമാനം ചെയ്തിട്ടുണ്ടോ;

(ബി) അങ്ങനെ ചെയ്തുവെങ്കിൽ അതു് എന്നാണു് ചെയ്തതു്;

(സി) ആ തീരുമാനം ഇതേവരെ നടപ്പിൽ വരാത്തതിനു കാരണം എന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ടു്.

(ബി) വ. ം— ' — ൻ ർ ൻ.

(സി) ഈ തീരുമാനത്തിനുശേഷം ഗവണ്മെണ്ടിനു് ലഭിച്ച നിവേദനങ്ങളിൽ കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയും, പൊൻകുന്നത്തെ ഒന്നാം ക്ലാസ് മജിസ്ട്രേട്ട കോടതിയും പുതിയതായി അനുവദിച്ച സബ്ബ് ട്രഷറിയും കഴിയുന്നേടത്തോളം ഒരേ പറമ്പിൽത്തന്നെ ആക്കണമെന്നു് പൊതുഅഭിപ്രായം ഉള്ളതായി മനസ്സിലായി. അതുപ്രകാരം ഇപ്പോൾ ചെയ്യുന്നതിനു് നടപടികൾ നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly